# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൈവളികെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/217/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 24/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈവളികെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/217/2022 തീയ്യതി: 24/03/2022

## കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 23-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ

ശ്രീ.കുഞ്ഞികൃഷ്ണൻ കെ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്

ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അരുൺ ദേവ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഹരിവേണുഗോപാലൻ. കെ.വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഭാരതി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ.പ്രേമകുമാർ | സെക്രട്ടറി | 01-04-2019 | 17-05-2019 |
| ശ്രീ.നിസാർ.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-05-2019 | 18-06-2019 |
| ശ്രീ.ഇബ്രാഹിം.കെ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2019 | 03-07-2019 |
| ശ്രീ.നിസാർ.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2019 | 19-07-2019 |
| ശ്രീ.വി.രാജീവൻ | സെക്രട്ടറി | 20-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിസാർ.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-07-2019 |
| നാരായണ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 31-03-2020 |
| അജയ കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 20-07-2019 |
| തിമ്മ കുടിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 21-07-2019 | 23-09-2019 |
| ഹരിശാന്ത് | അസിസ്റ്റന്റ് എഞ്ചിനിയർ | 24-09-2019 | 31-03-2020 |
| അഞ്ജന അജയകുമാർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| അജിത.ടി.തെറ്റത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| നാരായണ.കെ | പ്രധാനാധ്യാപകൻ | 01-04-2019 | 31-03-2020 |
| ഡോ.മുരളീധരൻ.കെ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ.സീതാരത്ത.എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ആശാ മേരി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.വിജിൻ | വെറ്റിനറി സർജ്ജൻ | 01-04-2019 | 12-08-2019 |
| ഡോ.അഖിൽ | വെറ്റിനറി സർജ്ജൻ | 13-08-2019 | 15-10-2019 |
| ഡോ.ശ്യാം | വെറ്റിനറി സർജ്ജൻ | 16-10-2019 | 25-11-2019 |
| ഡോ.ഐശ്വര്യ | വെറ്റിനറി സർജ്ജൻ | 26-11-2019 | 31-03-2020 |
| ശൈലേഷ്.എൻ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെവാർ സർക്കിൾ) | 01-04-2019 | 07-09-2019 |

| | | | |
|---|---|---|---|
| സജിത കുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ഇൻ-ചാർജ്ജ് (ചെവാർ സർക്കിൾ) | 08-09-2019 | 30-09-2019 |
| മഹാദേവ.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെവാർ സർക്കിൾ) | 01-10-2019 | 31-03-2020 |
| ശൈലേഷ്.എൻ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ഇൻ-ചാർജ്ജ് (പൈവളികെസർക്കിൾ) | 01-04-2019 | 01-07-2019 |
| സജിത കുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പൈവളികെസർക്കിൾ) | 02-07-2019 | 01-11-2019 |
| മഹാദേവ.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ഇൻ-ചാർജ്ജ്(പൈവളികെസർക്കിൾ) | 02-11-2019 | 04-12-2019 |
| സഞ്ജയ് കുമാർ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പൈവളികെസർക്കിൾ) | 05-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 26-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Arun Dev V.R (Senior Grade Auditor, On 03-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-2 |
| 3 | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക ജി.ഒ. പ്രൊജക്ട് തയ്യാറാക്കി സ്വലേഖയിൽ ക്രമീകരിച്ചിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 03-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-2-1 |
| 4 | മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 03-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-2-2 |
| 5 | വസ്തു നികുതി ഇനത്തിലെ തൻവർഷ, കുടിശ്ശിക ഡി.സി.ബി പൊരുത്തപ്പെടുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 03-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-2-3 |
| 6 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ നീക്കിയിരിപ്പ് ബന്ധപ്പെട്ട അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 03-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Arun Dev V.R (Senior Grade Auditor, On 26-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-3 |
| 8 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Jayananda. H (Audit Officer, On 26-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Janardanan C (Senior Grade Auditor, On 28-02-2022)<br>Last Updated By: Jayananda. H (Audit Officer, On 14-03-2022) | 1-6 |
| 11 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Arun Dev V.R (Senior Grade Auditor, On 26-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 26-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-10 |
| 15 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-11 |
| 16 | അറുപത് ചതുരശ്ര മീറ്റർ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ഒന്നിൽ | 1-12 |

| | | |
|---|---|---|
| | കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | |
| 17 | മുപ്പത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-13 |
| 18 | മുപ്പത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ മുപ്പത് ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-14 |
| 19 | അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ മുപ്പത് ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ഇളവ് നൽകിയിരിക്കുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-15 |
| 20 | ഔട്ട് ഡോർ കളക്ഷൻ തുക സഞ്ചയയിൽ കൃത്യമായി വരവ് വയ്ക്കുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-16 |
| 21 | ഔട്ട് ഡോർ കളക്ഷൻ തുക സഞ്ചയയിൽ വരവ് വച്ചിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-17 |
| 22 | ഔട്ട് ഡോർ കളക്ഷനായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ രസീതിന്റെ വിവരം ലഭ്യമല്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-18 |
| 23 | എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-19 |
| 24 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു -20,974/-രൂപയുടെ അധിക ചെലവ്.<br>Written By: Hari Venugopalan K V (Auditor, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-20 |
| 25 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു -1,199/-രൂപയുടെ അധിക ചെലവ്.<br>Written By: Hari Venugopalan K V (Auditor, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-21 |
| 26 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-22 |
| 27 | മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി നിർവഹണത്തിലെ കാലതാമസം -പിഴ ഈടാക്കിയില്ല<br>Written By: Hari Venugopalan K V (Auditor, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-23 |
| 28 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- 144870/-രൂപ തടസപ്പെടുത്തുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-24 |

| | | |
|---|---|---|
| 29 | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി<br>Written By: Arun Dev V.R (Senior Grade Auditor, On 02-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-25 |
| 30 | 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ (എസ്.സി.പി) വിതരണം - അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: Jayananda. H (Audit Officer, On 14-03-2022) | 1-26 |
| 31 | കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി അപാകത.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-27 |
| 32 | വൃദ്ധർക്ക് കട്ടിൽ ( ടി.എസ്.പി) വിതരണം പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-28 |
| 33 | പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-29 |
| 34 | വിവാഹ ധനസഹായം-അപാകത.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: Jayananda. H (Audit Officer, On 14-03-2022) | 1-30 |
| 35 | പട്ടിക വർഗ്ഗ കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-31 |
| 36 | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-32 |
| 37 | ഫ്രണ്ട് ഓഫീസിലേക്ക് ടെലിവിഷൻ, ടോക്കൺ സിസ്റ്റം എന്നിവ വാങ്ങൽ (ISO തുടർപ്രവർത്തനങ്ങൾ) പദ്ധതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: Jayananda. H (Audit Officer, On 14-03-2022) | 1-33 |
| 38 | അപകടാവസ്ഥയിലായ മരം മുറിച്ച് നീക്കിയത് -ലേലം ചെയ്തിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-34 |
| 39 | മഹാത്മാ ഗാന്ധി പ്രതിമക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി തുക നൽകിയത്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-35 |
| 40 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-36 |
| 41 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Janardanan C (Senior Grade Auditor, On 04-03-2022)<br>Last Updated By: Jayananda. H (Audit Officer, On 04-03-2022) | 1-37 |
| 42 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 1-38 |

| | | |
|---|---|---|
| 43 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-39 |
| 44 | പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 04-03-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 04-03-2022) | 1-40 |
| 45 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-41 |
| 46 | പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 1-42 |
| 47 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 1-43 |
| 48 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത് ആക്ഷൻ പ്ലാൻ പ്രകാരമല്ല<br>Written By: Janardanan C (Senior Grade Auditor, On 07-03-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-03-2022) | 1-44 |
| 49 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കേണ്ടതാണ്.<br>Written By: Janardanan C (Senior Grade Auditor, On 07-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-45 |
| 50 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 04-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 1-46 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ച -20,974/-രൂപയുടെ അധിക ചെലവ്<br>Written By: Hari Venugopalan K V (Auditor, On 28-02-2022)<br>Last Updated By: Hari Venugopalan K V (Auditor, On 21-03-2022) | 3-1 |
| 2 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ച -1,199/-രൂപയുടെ അധിക ചെലവ്.<br>Written By: Hari Venugopalan K V (Auditor, On 28-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 26-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 26-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 25-02-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: Jayananda. H (Audit Officer, On 25-02-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: Jayananda. H (Audit Officer, On 24-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: Jayananda. H (Audit Officer, On 24-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 01-03-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം-<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: Jayananda. H (Audit Officer, On 24-02-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: Jayananda. H (Audit Officer, On 24-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 24-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-03-2022) | 4-11 |

| | |
|---|---|
| | **അനുബന്ധം** |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | 31.03.2020 ലെ ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1(1)/തീയതി 13-02-2019 | 04/തീയതി 14-01-2020 |
| മുന്നിരിപ്പ് | 46,06,244 | 3,38,79,309 |
| വരവ് | 18,00,40,950 | 21,69,94,503 |
| ആകെ | 18,46,47,194 | 25,08,73,812 |
| ചെലവ് | 17,78,05,384 | 24,28,85,753 |
| നീക്കിയിരിപ്പ് | 68,41,810 | 79,88,059 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

പൈവളികെ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക ജി.ഒ. പ്രൊജക്ട് തയ്യാറാക്കി സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

വികസന ഫണ്ട് രണ്ടാം ഗഡു, മൂന്നാം ഗഡു എന്നിവയിൽ നിന്നും ചുവടെ പറയും പ്രകാരം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട് എന്നാൽ ഇതിൽ ഒരു ഗഡുവിലെ തുക മാത്രമേ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി സുലേഖയിൽ ക്രമീകരിച്ചിട്ടുള്ളൂ.

| ഉത്തരവ് നമ്പർ | വികസന ഫണ്ട് (ജനറൽ) | എസ്.സി.പി | ടി.എസ്.പി |
|---|---|---|---|
| സ.ഉ(സാധാ)നം6105/2019/ധന, 01/08/2019 | 507353 | 29412 | 14706 |
| സ.ഉ(സാധാ)നം10050/2019/ധന, 21/12/2019 | 507353 | 29412 | 14706 |

### 1-2-2 മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു

ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുക അഡ്വാൻസ് നൽകിയിട്ടുള്ളത് വർഷങ്ങളായി ക്രമീകരിക്കാതെ നിൽക്കുന്നു

| ഇനം | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|---|
| അഡ്വാൻസ് പേമെന്റ് - റിവർ മാനേജ്മെന്റ് ഫണ്ട് 460500104 | 13850 | 13850 | 13850 | 13850 | 13850 | 13850 |

ഇക്കാര്യത്തിൽ വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 3, 23.02.2022 ന് മറുപടി ലഭിച്ചിട്ടില്ല.

### 1-2-3 വസ്തു നികുതി ഇനത്തിലെ തൻവർഷ, കുടിശ്ശിക ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

1) കുടിശ്ശിക ഇനത്തിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്

| ക്രമ നമ്പർ | ഇനം (കോഡ്) | 2018-19 B15 പ്രകാരം കുടിശ്ശിക ലഭിക്കേണ്ട തുക (1) | 2019-20 ലഭിച്ച തുക (RP43) (2) | 2019-20 B15 പ്രകാരംകുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക | കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക (1) - (2) |
|---|---|---|---|---|---|
| 1 | വസ്തുനികുതി-റസിഡൻഷ്യൽ (431100102) | 950690 | 436767 | 432966 | 513923 |
| 2 | വസ്തുനികുതി-നോൺ റസിഡൻഷ്യൽ (431100104) | 729733 | 352341 | 215351 | 377392 |

2) തൻ വർഷ ഡി.സി.ബി യിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്

| ക്രമ നമ്പർ | ഇനം (കോഡ്) | 2019-20 I-1 പ്രകാരം ഡിമാന്റ് തുക (1) | 2019-20 ൽ ലഭിച്ച തുക (RP43) (2) | 2018-19 B9 പ്രകാരം അഡ്വാൻസായി ലഭിച്ച തുക (3) | 2019-20 B15 പ്രകാരം ലഭിക്കാനുള്ള തുക | ഡിമാന്റ്-കളക്ഷൻ എന്നിവ പ്രകാരം ലഭിക്കാനുള്ള തുക (1)-(2)-(3) |
|---|---|---|---|---|---|---|
| 1 | വസ്തുനികുതി-റസിഡൻഷ്യൽ (431100101) | 1535562 | 1145758 | 34759 | 413540 | 355045 |
| 2 | വസ്തുനികുതി-നോൺ-റസിഡൻഷ്യൽ (431100103) | 943930 | 688742 | 8141 | 177204 | 247047 |

1-2-4 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ നീക്കിയിരിപ്പ് ബന്ധപ്പെട്ട അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിലെ B 4 ഷെഡ്യൂൾ പ്രകാരമുള്ള സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ നീക്കിയിരിപ്പും , ഇതിനായുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

അക്കൗണ്ടിലെ നീക്കിയിരിപ്പ് (B17 പ്രകാരം) - 276081/-

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Contribution For Joint Venture (Revenue Expenditure) Block Panchayath (320700204) | 769003 |
| 2 | Contribution For Joint Venture (Revenue Expenditure) District Panchayath (320700205) | 111674 |
| | TOTAL | 880677 |

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 3,27,78,407 |
| വരവ് | 7,32,27,747 |
| ആകെ | 10,60,06,154 |
| ചെലവ് | 6,23,42,182 |
| നീക്കിയിരിപ്പ് | 4,36,63,972 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (20 19-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,96,45,647 | 1,96,45,647 | 1,18,15,574 | 78,30,073 | 60.14 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 57,42,588 | 57,42,588 | 35,38,706 | 22,03,882 | 61.62 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 60,31,294 | 60,31,294 | 41,40,241 | 18,91,053 | 68.64 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,25,73,000 | 1,25,73,000 | 40,89,814 | 84,83,186 | 32.52 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 59,72,000 | 59,72,000 | 14,52,489 | 45,19,511 | 24.32 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,54,06,798 | 1,54,06,798 | 52,23,317 | 1,01,83,481 | 33.90 |

1) വികസന ഫണ്ട്- ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 5,07,353 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 7 ബില്ലുകളിലായി 6,08,685 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) വികസന ഫണ്ട്- എസ്.സി.പി. സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 29,412/ രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 4 ബില്ലുകളിലായി 10,37,400 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

3) വികസന ഫണ്ട്- ടി.എസ്.പി. സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 14,706/ രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 7 ബില്ലുകളിലായി 10,44,258 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

4)സംരക്ഷണ ഗ്രാന്റ് നോൺ റോഡ് – പട്ടികയിലെ ചെലവു തുക കൂടാതെ 4 ബില്ലുകളിലായി 7,66,066 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

5)ധനകാര്യ കമ്മീഷൻ ഗ്രാന്റ്- പട്ടികയിലെ ചെലവു തുക കൂടാതെ 8 ബില്ലുകളിലായി 22,30,050 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

6)സംരക്ഷണഗ്രാന്റ് റോഡ്- പട്ടികയിലെ ചെലവു തുക കൂടാതെ 10 ബില്ലുകളിലായി 31,62,090 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,13,08,221 | 1,13,08,221 | 1,13,08,221 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 35,09,294 | 35,09,294 | 35,09,294 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 0 | 41,25,535 | 41,25,535 | 41,25,535 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 40,89,814 | 40,89,814 | 40,89,814 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 14,52,489 | 14,52,489 | 14,52,489 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 52,23,317 | 52,23,317 | 52,23,317 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 15,840 | 15,840 | 15,840 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 4,78,000 | 4,78,000 | 4,78,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 1,94,04,006 | 1,45,42,197 | 3,39,46,203 | 1,46,83,785 | 1,92,62,418 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 40,059 | 12,51,748 | 12,91,807 | 8,05,490 | 4,86,317 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 12,45,306 | 8,46,039 | 20,91,345 | 9,21,448 | 11,69,897 |
| IWDP | 1927 | 0 | 1927 | 0 | 1927 |
| എസ്.എസ്.എ. | 40,585 | 0 | 40,585 | 0 | 40,585 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി TSC | 20,00,000 | 0 | 20,00,000 | 9,48,548 | 10,51,452 |
| ശുചിത്വ മിഷൻ | 11,20,425 | 0 | 11,20,425 | 0 | 11,20,425 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 5,40,000 | 0 | 5,40,000 | 3,90,000 | 1,50,000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| വിമുക്തി | 21,820 | 0 | 21,820 | 7850 | 13,970 |
| കേരളോത്സവം | 0 | 20,000 | 20,000 | 15,149 | 4,851 |
| ജല നിധി | 9,21,705 | 6,85,972 | 16,07,677 | 10,35,198 | 5,72,479 |
| കൊമ്മംഗള സോളാർ -റോഡ് | 0 | 38,77,000 | 38,77,000 | 0 | 38,77,000 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,45,42,197/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി. അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 13,76,36,707/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 1,33,53,000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 11,71,99,639 | 118 | 4,58,97,650 | 0 | 121 | 49.37 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 59,35,829 | 14 | 18,70,446 | 31.51 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 156 | 5,69,83,619 | 54 | 1,63,62,521 | 28.71 |
| 3 | കൃഷി ഓഫീസർ | 10 | 53,08,501 | 8 | 15,60,325 | 29.39 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (1) | 10 | 3,47,67,972 | 10 | 1,54,88,500 | 44.54 |
| 5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 54,58,450 | 7 | 53,48,386 | 97.98 |
| 6 | വെറ്റിനറി സർജ്ജൻ | 9 | 29,85,400 | 9 | 9,82,947 | 32.92 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | 1 | 8,00,000 | 1 | 7,28,818 | 91.10 |
| 9 | പ്രധാനാധ്യാപകൻ | 6 | 13,25,000 | 2 | 10,06,400 | 75.95 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 32,34,868 | 11 | 21,49,307 | 66.44 |
| 11 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 2,00,000 | 1 | 2,00,000 | 100 |
| | ആകെ | 239 | 11,71,99,639 | 118 | 4,58,97,650 | 39.16 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 40,059 | 12,51,748 | 12,91,807 | 8,05,490 | 4,86,317 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 3,03,62,850 | 3,03,62,850 | 3,03,62,850 | |

| | | | | | |
|---|---|---|---|---|---|
| ആകെ | 40,059 | 3,16,14,598 | 3,16,54,657 | 3,11,68,340 | 4,86,317 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 936 പദ്ധതികളുൾപ്പെടുന്ന 16,36,28,326 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 2,91,16,612 രൂപയുടെ 362 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 97695 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 478 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 15,840 | 11 |
| കർഷക തൊഴിലാളി പെൻഷൻ | 6,19,800 | 156 |
| വിധവാ പെൻഷൻ | 45,19,200 | 1286 |
| വാർദ്ധക്യകാല പെൻഷൻ | 64,60,500 | 1826 |
| വികലാംഗ പെൻഷൻ | 16,95,900 | 490 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 57,600 | 17 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-02-2022 തീയ്യതിയിൽ 4.45 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 44,784/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | PTS | 1 |

### ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

പേഴ്സണൽ രജിസ്റ്റർ -

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ കൃത്യമായി പരിശോധിക്കുന്നില്ല. തപ്പാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയ ബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റു ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട് . ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 2 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി തീരുമാനം

എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-10-2021 മുതൽ 26-10-2021 വരെ | 02/2021 മുതൽ 09/2021 വരെ | 15-11-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-04-2007 മുതൽ 18-04-2007 വരെ | 1997-98 മുതൽ 2006-07വരെ | 24-05-2007 |

## 1-11 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല

റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 19/10/2016 | 11610102546 | 15/282C | 38 |
| 2 | 21/06/2017 | 11710100711 | 3/361 | 223 |
| 3 | 12/07/2017 | 11710101122 | 12/386 | 1515 |
| 4 | 18/08/2017 | 11710101900 | 4/176 | 505 |
| 5 | 21/11/2017 | 11710103348 | 2/277 | 528 |
| 6 | 21/12/2017 | 11710104549 | 9/31 | 15 |
| 7 | 28/12/2017 | 11710104868 | 7/176 | 105 |
| 8 | 9/03/2018 | 11710107011 | 5/100A | 280 |
| 9 | 6/04/2018 | 118100100049 | 12/571A | 412 |
| 10 | 26/06/2018 | 118100101256 | 2/159 | 266 |
| 11 | 4/07/2018 | 118100101499 | 4/304A | 852 |
| 12 | 01/08/2018 | 118100102224 | 10/117A | 102 |
| 13 | 18/12/2018 | 118100103984 | 4/280 | 32 |
| 14 | 1/01/2019 | 118100104109 | 17/494 | 427 |
| 15 | 8/02/2019 | 118100104774 | 4/276A | 1710 |
| 16 | 13/02/2019 | 118100104921 | 17/278 | 924 |
| 17 | 5/03/2019 | 118100105753 | 3/297 | 57 |
| 18 | 8/03/2019 | 118100105961 | 12/141 | 673 |

| | | | | |
|---|---|---|---|---|
| 19 | 7/05/2019 | 119100100554 | 15/441 | 17 |
| 20 | 17/06/2019 | 119100101485 | 13/166 | 17 |
| 21 | 25/06/2019 | 119100101647 | 14/497 | 29 |
| 22 | 7/11/2019 | 119100103506 | 3/211C | 17 |
| 23 | 6/01/2020 | 119100104560 | 2/191 | 25 |
| 24 | 1/02/2020 | 119100105164 | 17/272 | 114 |
| 25 | 18/03/2020 | 119100106558 | 6/112A | 140 |
| ആകെ | | | | 9023 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4, 23/02/2022 ന് മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ സാംഖ്യയിൽ റദ്ദാക്കുകയും സഞ്ചയയിൽ നില നിൽക്കുകയും ചെയ്യുന്നത് വരവിനത്തിൽ പൊരുത്തകേടുണ്ടാവുകയും പഞ്ചായത്തിന്റെ വരവിനത്തിനെ ഇത് ബാധിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നതുമാണ്. ആയതിനാൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 അറുപത് ചതുരശ്ര മീറ്റർ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ.(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ.(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ. (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 2/238 | അബ്ദുൾ സലാം S/O അബൂബക്കർ, കാംതില, കുരുഡപ്പദവ് |
| | 2/239 | |
| 2 | 12/524 | ഇസ്മായിൽ S/O അൻദുഞ്ഞി |
| | 12/524A | |
| 3 | 12/254 | അബിദുള്ള S/O മമ്മൂഞ്ഞി |
| | 12/452 | |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/ 25.02.2022 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശവും തുടർ നടപടി വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 മുപ്പത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/200<br>1/203 | ഭട്ട്യ S/O മത്താടി |
| 2 | 5/339A<br>5/339B | അഗ്ദ്ര S/O കൊറഗ |
| 3 | 5/350B<br>5/350C | ത്ധക്ര S/O ചനിയ |
| 4 | 6/369A<br>6/369B | ഇബ്രാഹിം S/O മുഹമ്മദ് കുഞ്ഞി |
| 5 | 9/448C<br>9/448A | വസന്ത S/O കൃഷ്ണ നായ്ക്ക് |
| 6 | 10/41<br>10/42 | പഞ്ചി S/O ചനിയ |
| 7 | 14/652<br>14/665B | ത്തിമ്മ ഗൗഡ S/O മദന ഗൗഡ |
| 8 | 18/106F<br>18/117 | ഭാഗി W/O മാധവ |

മേൽ വിഷയത്തിന്ന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21, 28.02.2022 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്നതിന്റെ വിശദാംശവും തുടർ നടപടി വിവരവും അറിയിക്കേണ്ടതാണ്.

1-14 മുപ്പത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ മുപ്പത് ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

30 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഇളവ് നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 2/245A | നാരായണനായ്ക്ക് | പാർപ്പിടാവശ്യം | 59m$^2$ |
| 2 | 6/337 | ദേവകി | പാർപ്പിടാവശ്യം | 34m$^2$ |
| 3 | 8/35 | പഞ്ചി | പാർപ്പിടാവശ്യം | 60m$^2$ |
| 4 | 13/413B | സാഹിറ | പാർപ്പിടാവശ്യം | 34m$^2$ |
| 5 | 15/467A | ആയിഷ | പാർപ്പിടാവശ്യം | 42m$^2$ |
| 6 | 16/121A | പൂർണിമ ഷെട്ടി | പാർപ്പിടാവശ്യം | 51m$^2$ |
| 7 | 17/671B | ഈശ്വര പുരുഷ | പാർപ്പിടാവശ്യം | 53m$^2$ |
| 8 | 18/352 | എസ്.കെ.മൊഹമ്മദ് | നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടം (ഷെഡ്) | 41m$^2$ |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22, 28.02.2022 ന് മറുപടി ലഭിച്ചിട്ടില്ല.

തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ മുപ്പത് ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ഇളവ് നൽകിയിരിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|
| 13/236 | സരസ്വതി | പാർപ്പാടാവശ്യം | $63m^2$ |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22, 28.02.2022 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ കെട്ടിടത്തിന് വർഷങ്ങളായി ഇളവ് നൽകി വരുന്നതായി കാണുന്നു. ഇതു സംബന്ധിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഔട്ട് ഡോർ കളക്ഷൻ തുക സഞ്ചയയിൽ കൃത്യമായി വരവ് വയ്ക്കുന്നില്ല

ഔട്ട് ഡോർ കളക്ഷൻ പ്രകാരം കെട്ടിടനികുതി ഇനത്തിൽ ഒടുക്കേണ്ട തുകയേക്കാൾ കൂടുതൽ തുക (പിഴ പലിശ ഉൾപ്പെടെ) ഒടുക്കു വരുത്തുന്നതായി കാണുന്നു. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ബുക്ക് നം. | രസീത് നം. | ആകെ തുക | നികുതി തുക | ഒടുക്കിയ തുക | അധികമായി ഒടുക്കിയത് |
|---|---|---|---|---|---|
| 22346 | 24 | 255 | 250 | 254 | 4 |
| 22346 | 26 | 87 | 85 | 87 | 2 |
| 12352 | 17 | 70 | 62 | 69 | 7 |
| 12352 | 20 | 465 | 454 | 459 | 5 |
| 12352 | 26 | 270 | 261 | 266 | 5 |
| 12352 | 29 | 55 | 51 | 54 | 3 |
| 12352 | 30 | 180 | 171 | 178 | 7 |
| 12352 | 31 | 300 | 290 | 296 | 6 |
| 12352 | 34 | 340 | 318 | 335 | 17 |
| 12352 | 35 | 1440 | 1408 | 1440 | 32 |
| 12352 | 36 | 75 | 69 | 74 | 5 |
| 12352 | 37 | 80 | 70 | 76 | 6 |
| 12352 | 44 | 175 | 171 | 173 | 2 |
| 12352 | 46 | 120 | 114 | 118 | 4 |

| | | | | | |
|---|---|---|---|---|---|
| 12352 | 47 | 20 | 17 | 20 | 3 |
| 12352 | 49 | 330 | 317 | 325 | 8 |
| 12352 | 50 | 60 | 55 | 59 | 4 |
| 12352 | 52 | 540 | 511 | 533 | 22 |
| 12352 | 53 | 810 | 774 | 810 | 36 |
| 12352 | 22 | 180 | 180 | 348 | 168 |
| 12352 | 56 | 225 | 215 | 222 | 7 |
| 12352 | 58 | 150 | 143 | 148 | 5 |
| 12352 | 59 | 250 | 238 | 247 | 9 |
| 12352 | 60 | 250 | 238 | 247 | 9 |
| 12352 | 62 | 250 | 238 | 247 | 9 |
| 12352 | 63 | 36 | 34 | 36 | 2 |
| 12352 | 64 | 50 | 46 | 49 | 3 |
| 12352 | 95 | 80 | 74 | 79 | 5 |
| 12352 | 97 | 650 | 626 | 641 | 15 |
| 12352 | 99 | 50 | 46 | 49 | 3 |
| 8891 | 34 | 17 | 17 | 251 | 234 |
| 22350 | 84 | 377 | 369 | 372 | 3 |
| 22350 | 85 | 311 | 303 | 307 | 4 |
| 22350 | 86 | 311 | 303 | 307 | 4 |
| 22350 | 87 | 386 | 378 | 381 | 3 |
| 22350 | 88 | 246 | 238 | 243 | 5 |
| 22350 | 90 | 53 | 45 | 52 | 7 |
| 22350 | 92 | 175 | 159 | 173 | 14 |
| 22350 | 95 | 1507 | 1418 | 1487 | 69 |
| 12353 | 4 | 90 | 86 | 89 | 3 |
| 12353 | 5 | 1340 | 1295 | 1321 | 26 |
| 12353 | 6 | 350 | 342 | 345 | 3 |
| 12353 | 7 | 1150 | 1126 | 1134 | 8 |
| 12353 | 10 | 360 | 348 | 355 | 7 |
| 12353 | 12 | 50 | 46 | 49 | 3 |
| 12353 | 15 | 675 | 651 | 666 | 15 |
| 12353 | 17 | 50 | 46 | 49 | 3 |
| 12353 | 18 | 140 | 134 | 138 | 4 |
| 12353 | 46 | 284 | 278 | 280 | 2 |
| 22350 | 50 | 357 | 341 | 352 | 11 |
| 22350 | 51 | 1557 | 1437 | 1536 | 99 |
| 22350 | 52 | 43 | 35 | 42 | 7 |
| 22350 | 53 | 55 | 46 | 54 | 8 |
| 22350 | 54 | 78 | 69 | 77 | 8 |
| 22350 | 55 | 226 | 202 | 223 | 21 |
| 22350 | 56 | 104 | 92 | 98 | 6 |
| 22350 | 57 | 60 | 57 | 59 | 2 |
| 22350 | 58 | 30 | 24 | 30 | 6 |
| 22350 | 59 | 60 | 55 | 59 | 4 |
| 22350 | 60 | 254 | 246 | 250 | 4 |
| 22350 | 61 | 230 | 220 | 227 | 7 |
| 22350 | 62 | 230 | 223 | 227 | 4 |
| 22350 | 64 | 40 | 34 | 40 | 6 |
| 22350 | 66 | 30 | 26 | 30 | 4 |

| | | | | | |
|---|---|---|---|---|---|
| 22350 | 67 | 40 | 34 | 40 | 6 |
| 22350 | 68 | 25 | 23 | 25 | 2 |
| 22350 | 69 | 557 | 544 | 549 | 5 |
| 22350 | 72 | 290 | 283 | 286 | 3 |
| 22350 | 73 | 80 | 70 | 76 | 6 |
| 22350 | 75 | 31 | 25 | 31 | 6 |
| 22350 | 76 | 78 | 70 | 77 | 7 |
| 22350 | 77 | 82 | 74 | 81 | 7 |
| 22350 | 78 | 110 | 101 | 109 | 8 |
| 22350 | 82 | 60 | 52 | 57 | 5 |
| 22350 | 83 | 377 | 369 | 372 | 3 |

മേൽ പ്രകാരം അധികം തുക ഒടുക്കു വരുത്തിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23, 28.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-17 ഔട്ട് ഡോർ കളക്ഷൻ തുക സഞ്ചയയിൽ വരവ് വച്ചിട്ടില്ല

ഔട്ട് ഡോർ കലക്ഷൻ പ്രകാരം വസ്തു നികുതി ഇനത്തിൽ ഈടാക്കിയ ചുവടെ പറയുന്ന തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ, തീയതി | രസീത് പ്രകാരം തുക | കെട്ടിട നികുതിയിനത്തിലെ തുക | കെട്ടിട നമ്പർ |
|---|---|---|---|---|---|
| 1 | 22346 | 34, 5/10/2019 | 182 (പിഴ പലിശ- 170) | 1650 | 14/714D |
| 2 | 22346 | 11 18/09/2019 | 6656 | 6656 | 17/495R |
| 3 | 12352 | 54 9/12/2019 | 440 (PI-20) | 420 | 15/343 |
| 4 | 8891 | 42 19/03/2019 | 29 | 29 | 14/555 |
| 5 | 8889 | 66 17/03/2020 | 322 | 322 | 17/67 |
| 6 | 8889 | 67 17/03/2020 | 274 | 274 | 17/636 |
| 7 | 8889 | 71 18/03/2020 | 238 | 238 | 17/49 |
| 8 | 22350 | 63 7/12/2019 | 384 (PI-20) | 364 | 14/24 |
| 9 | 22350 | 74 7/12/2019 | 366 (PI-2) | 364 | 14/666B |

മേൽ വിഷയത്തിനുള്ള വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24, 28.02.2022 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ പരാമർശത്തിനുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-18 ഔട്ട് ഡോർ കളക്ഷനായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ രസീതിന്റെ വിവരം ലഭ്യമല്ല.

സഞ്ചയയിൽ ഔട്ട് ഡോർ കളക്ഷനായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന തുകയുടെ രസീത് വിവരം ലഭ്യമല്ല.

| ബുക്ക് നമ്പർ | രസീത് നമ്പർ, തീയതി | കെട്ടിട നികുതിയിനത്തിലെ വരവായി രേഖപ്പെടുത്തിയ തുക | കെട്ടിട നമ്പർ |
|---|---|---|---|
| 8891 | 46 / 19.03.2020 | 31 | 14/691 |

ബുക്ക് നമ്പർ 8891/46 പ്രകാരമുള്ള 14/518 കെട്ടിടത്തിന്റെ നികുതിയായ 34/- രൂപ 8891/42 എന്ന രസീതിലെ വരവായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24, 28.02.2022 ന് മറുപടി ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലെ അസസ് മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1927 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1936 |
| | 2 | 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 115 |
| | 3 | 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 0 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 68 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 25 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 26 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 2 |
| IV | 1 | വ്യവസായം- ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 26 |
| | 2 | ഇതര വ്യവസായം | 29 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യ

സ്ഥാപനങ്ങൾ 282 എണ്ണം മാത്രമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-20 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു -20,974/-രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത പാക അംബികാന റോഡ് പുനരുദ്ധാരണം (പ്രൊജക്ട് നം. 0175/20) എന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 20,974/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നഷ്ടത്തിന്റെ വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്

1-21 ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു -1,199/-രൂപയുടെ അധിക ചെലവ്.

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത മൂതലാഗുണ്ടി പാർശ്വഭിത്തി (പ്രൊജക്ട് നം. 0233/20) എന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 1,199/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നഷ്ടത്തിന്റെ വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്

1-22 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ .

2019-20 വർഷം ഗ്രാമ പഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി. ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പരാമർശിക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾക്ക് TDS ആയി ജി.എസ്.ടി. ഈടാക്കാത്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | എം ബുക്ക് നമ്പർ. | കരാറുകാരന്റെ പേര് | കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങൾ | | ട്രഷറി ബിൽ നമ്പർ, തീയതി. |
|---|---|---|---|---|---|---|
| 1 | കനിയാലത്തടുക്ക കംപദമൂലേ നടപ്പാത കോൺക്രീറ്റ്, നം. 0109/20 | 04/ 19-20 | ഹമീദ് ധർമ്മത്തഡ്ക്ക | ആകെ അളവുമൂല്യം | 240867/- | BRN: 19200652017101058127 തീയതി: 09.01.2020 |
| | | | | (+) 12% GST | 28904/- | |
| | | | | ആകെ | 269771/- | |
| | | | | (-) ആദായ നികുതി | 2698/- | |
| | | | | (-) നിർമ്മാണ ക്ഷേമ നിധി | 2698/- | |
| | | | | കരാറുകാരന് നൽകിയ തുക | 264375/- | |
| 2 | കനിയാല ബംഗ് ലേ കരുവാജേ റോഡ് കോൺക്രീറ്റ്, നം. 0020/20 | 02/ 19-20 | ഹമീദ് ധർമ്മത്തഡ്ക്ക | ആകെ അളവുമൂല്യം | 224758/- | BRN: 19200652017101058204 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (+) 12% GST | 26971/- | |
| | | | | ആകെ | 251729/- | |
| | | | | (-) ആദായ നികുതി | 2517/- | തീയതി: 09.01.2020 |
| | | | | (-) നിർമ്മാണ ക്ഷേമ നിധി | 2517/- | |
| | | | | കരാറുകാരന് നൽകിയ തുക | 246695/- | |

മേൽ അപാകത ശ്രദ്ധയിൽപെടുത്തുന്നു.

## 1-23 മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി നിർവഹണത്തിലെ കാലതാമസം -പിഴ ഈടാക്കിയില്ല

2019-20 ൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ചില പ്രവൃത്തികളുടെ നിർവഹണത്തിൽ വലിയ കാലതാമസം വന്നിട്ടുള്ളതായി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ഉടമ്പടികളിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷം അതിൽ കൂടുതൽ വരുന്ന ഓരോ മൂന്നു മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതവും പിഴ ചുമത്തിക്കൊണ്ട് മാത്രമേ കരാർ കാലാവധി നീട്ടിക്കൊടുക്കാവൂ. ഇപ്രകാരം കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി കരാർ ചമക്കേണ്ടതുമുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ സപ്ലിമെന്ററി കരാർ ചമച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയോ, പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാർ ചമച്ചതിനു ശേഷം കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി അധികാരികൾ/ നിർവഹണ ഉദ്യോഗസ്ഥർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കാലതാമസവുമായി ബന്ധപ്പെട്ട് യാതൊരു വിശദീകരണവും ബന്ധപ്പെട്ട ഫയലുകളിൽ ലഭ്യമല്ല. നിർവഹണ സമയം ഓരോ പ്രോജക്ടിന്റെയും കാതലായ ഭാഗമാണ്. പ്രവൃത്തി നിർവഹണം കരാർ പ്രകാരം നടക്കുന്നുവെന്ന് യഥാകാലങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവിനേക്കാൾ അധികം സമയം വിനിയോഗിച്ചതിന് കരാർ പ്രകാരമുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശങ്ങൾ | | ഈടാക്കേണ്ടിയിരുന്ന പിഴ | |
|---|---|---|---|---|
| 1 | പ്രോജക്ടിന്റെ പേര്, നം. | ബോളങ്ങള, അട്ടഗോളി ശ്മശാനം നന്നാക്കൽ (0253/20) | ആദ്യത്തെ മൂന്ന് മാസ ങ്ങൾ - PAC യുടെ 1%, കുറഞ്ഞത് 1000/- രൂപ | 3,000/ |
| | കരാറുകാരന്റെ പേര് | എസ്. അബ്ദുള്ള | | |
| | കരാർ തുക | 3,00,000/- | | |
| | എഗ്രിമെന്റ് നം, തീയ്യതി | 92-AE/LSGD/PVK/19-20 തീയ്യതി 16.03.2019 | തുടർന്നുള്ള മാസ ങ്ങൾ - PAC തുക യുടെ 2%, കുറഞ്ഞത് 2000/- രൂപ | - |
| | പൂർത്തീകരിക്കേണ്ട തീയ്യതി, കാലയളവ് | 15.09.2019 (6 Months) | | |
| | | 20.03.2019 | | |

| | | | | |
|---|---|---|---|---|
| | എം ബുക്ക് നം. | 03/19-20 | | |
| | അവസാനമായി അളവ് രേഖപ്പെടുത്തിയ തീയ്യതി | 05.11.2019 | | |
| | കാലതാമസം | 1 Months 22 Days | | |
| | ബിൽ നം, ഫണ്ട് | BRN: 19200652017101058682, തീയ്യതി 09.01.2020 വികസന ഫണ്ട്- ജനറൽ | | |
| 2 | പ്രോജക്ടിന്റെ പേര്, നം. | 0198/20, ഇടക്കാന കൽചന്ദ്രി നടപ്പാലം | ആദ്യത്തെ മൂന്ന് മാസ ങ്ങൾ - PAC യുടെ 1%, കുറഞ്ഞത് 1000/- രൂപ | 2,500 |
| | കരാറുകാരന്റെ പേര് | പരമേശ്വര കെ, ഗുണഭോക്തൃ സമിതി കൺവീനർ | | |
| | കരാർ തുക | 2,50,000/- | | |
| | എഗ്രിമെന്റ് നം, തീയ്യതി | 84-AE/LSGD/PVK/16-17 തീയ്യതി 28.03.2017 | | |
| | പൂർത്തീകരിക്കേണ്ട തീയ്യതി, കാലയളവ് | 27.09.2017 (6 മാസം) | | |
| | എം ബുക്ക് നം. | 13/18-19 | തുടർന്നുള്ള മാസ ങ്ങൾ - PAC തുക യുടെ 2%, കുറഞ്ഞത് 2000/- രൂപ | 5,000 |
| | അവസാനമായി അളവ് രേഖപ്പെടുത്തിയ തീയ്യതി | 07.01.2019 | | |
| | കാലതാമസം | 15 മാസം | | |
| | ബിൽ നം, ഫണ്ട് | BRN: 19200652017100031192, തീയ്യതി 05.04.2019 | | |

തുകകൾ ഈടാക്കി വിശദാംശങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 19/26.02.2022)

## 1-24 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 144870/-രൂപ തടസപ്പെടുത്തുന്നു

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 0011/19-20 , കവുങ്ങ് കൃഷിക്ക് ജൈവവളം | | |
| നിർവ്വഹണം | കൃഷി ഓഫീസർ | | |
| അടങ്കൽ | വി.ഫ. (ജനറൽ) - 650000/- | | |
| ചെലവ് - 650000/- | ബിൽ നമ്പർ | തീയതി | തുക |
| | CBNO 3/19-20 | 07/11/2019 | 395626/- |
| | CBNO 6/19-20 | 25/11/2019 | 171342/- |
| | CBNO 11/19-20 | 13/01/2020 | 83032/- |

മേൽ പദ്ധതി പ്രകാരം കവുങ്ങ് കൃഷിക്കുവേണ്ടി ജൈവ വളം വാങ്ങി ആയതിന്റെ രസീത് ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് തുകയുടെ 75% അവരുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. ഇത് പ്രകാരം 199 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും ജൈവവളം വാങ്ങിയതിന്റെ രസീത് ലഭ്യമാക്കിയിട്ടില്ല.

A) ബിൽ നം - 19200652016100763140, തുക- 395626/-

| ക്രമ നമ്പർ | ലിസ്റ്റിലെ ക്രമ നമ്പർ | പേര് | തുക |
|---|---|---|---|
| 1 | 2 | ഗണേഷ് പ്രസാദ്.സി.എച്ച് | 1800 |

| | | | |
|---|---|---|---|
| 2 | 5 | നാരായണ പൂജാരി | 1080 |
| 3 | 7 | ഗോവിന്ദ ഭട്ട്.വി | 1800 |
| 4 | 25 | ജയരാമ ഭട്ട് | 3600 |
| 5 | 35 | ഇസുബു.കെ | 1800 |
| 6 | 45 | ഗോവിന്ദ നായ്ക്ക്.ഡി | 1800 |
| 7 | 46 | അബ്ബക്ക | 3600 |
| 8 | 52 | ഹമ്മീദ്.കെ.എ | 2160 |
| 9 | 56 | അസിയാമ്മ | 1800 |
| 10 | 58 | കൃഷ്ണ നായ്ക്ക് | 2700 |
| 11 | 59 | ഷൈലജ | 3600 |
| 12 | 60 | സുഹ്റ | 792 |
| 13 | 63 | ഹുസൈനാർ | 3600 |
| 14 | 70 | എം.എ.ഖാലിദ് | 3285 |
| 15 | 72 | ഇസുബു | 3600 |
| 16 | 74 | ഗനശ്യാമ | 1800 |
| 17 | 81 | ശ്രീധര.കെ | 1800 |
| 18 | 84 | പി.നരസിംഹ നവദ | 1800 |
| 19 | 95 | നബീസ | 1800 |
| 20 | 104 | പദ്മനാഭ ഷെട്ടി | 3600 |
| 21 | 108 | വിദ്യാശങ്കരി | 3600 |
| 22 | 110 | ശ്രീനിവാസ | 1440 |
| 23 | 112 | അബ്ദുള്ള ഷാ | 1800 |
| 24 | 114 | റസീന.കെ.എച്ച് | 1800 |
| 25 | 119 | രേവതി.കെ.ആൽവ | 3600 |
| 26 | 120 | കുസുമ | 1800 |
| 27 | 134 | സുലൈഖ | 1260 |
| 28 | 140 | ഇബ്രാഹിം അഡ്ക | 1800 |
| 29 | 142 | സോമപ്പ നായ്ക്ക് | 900 |
| 30 | 144 | ഫാത്തിമത്ത് റൗലത്ത് | 1800 |
| 31 | 145 | ഷൊഹൽ ഹമ്മീദ്.ജി | 1800 |
| ആകെ തുക | | | 69417 |

B) ബിൽ നമ്പർ - 19200652016100963344, തുക – 83032/-

| ക്രമ നമ്പർ | ലിസ്റ്റിലെ ക്രമ നമ്പർ | പേര് | തുക |
|---|---|---|---|
| 1 | 6 | ആസിയാമ്മ | 7100 |
| 2 | 11 | അബ്ദുൾ റഹിമാൻ | 3600 |
| 3 | 15 | ജി.സുബ്രമണ്യഭട്ട് | 3600 |
| ആകെ തുക | | | 14300 |

C) ബിൽ നമ്പർ - 19200652016100843153, തുക – 171342/-

| ക്രമ നമ്പർ | ലിസ്റ്റിലെ ക്രമ നമ്പർ | പേര് | തുക |
|---|---|---|---|
| 1 | 8 | സുബ്രമണ്യഭട്ട് | 7200 |
| 2 | 10 | ഡി.എം.അബ്ദുള്ള | 3600 |
| 3 | 14 | സഞ്ജീവ ഷെട്ടി | 3600 |
| 4 | 16 | ഈശ്വരഭട്ട്.സി.എച്ച് | 1800 |
| 5 | 17 | ഗണേഷ്.ഐ | 3600 |
| 6 | 18 | കൃഷ്ണാനന്ദ റായ് | 3600 |

| | | | |
|---|---|---|---|
| 7 | 19 | രാമകൃഷ്ണ ഭട്ട്.എം | 7200 |
| 8 | 22 | ശങ്കരി | 5400 |
| 9 | 28 | സഫിയ ഹുസൈൻ | 3600 |
| 10 | 29 | ബി.അബ്ദുൾ റഹിമാൻ | 4822 |
| 11 | 30 | ഗനശ്യാമ | 1800 |
| 12 | 31 | യു.നരസിംഹ ഭട്ട് | 5400 |
| 13 | 32 | മറിയമ്മ | 4612 |
| 14 | 33 | സൈനബി | 4919 |
| ആകെ തുക | | | 61153 |

മേൽ പ്രകാരമുള്ള ഗുണഭോക്താക്കളുടെ ജൈവ വളം വാങ്ങിയതിന്റെ രസീത്, ഗുണഭോക്തൃ പട്ടികയിലെ ക്രമ നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31, 02/03/2022 ന് മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത 144870/- (69417 + 14300 + 61153) രൂപ തടസപ്പെടുത്തുന്നു.

1-25 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിക്കുകയും സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

A)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ ,പേര് | 0010/19-20 , നെല്ല് വിത്ത് വിതരണം | | |
| അടങ്കൽ | വി.ഫ. (ജനറൽ) - 100000/- | | |
| ചെലവ് | ബിൽ നമ്പർ | തീയതി | തുക |

| | | | |
|---|---|---|---|
| | CB NO 1/19/20 | 28/09/2019 | 96000/- |

നെല്ല് വിത്ത് കൈപ്പറ്റിയതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | പേര് | വിലാസം | കൈപ്പറ്റിയ അളവ് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | പ്രഭാര നായ്ക്ക് | S/O രാജപ്പ നായക്, ബേരിപ്പടവ് | 32കി.ഗ്രാം | 1280 |
| 2 | പാർവ്വതി | S/O എയ്യപ്പ പൂജാരി, ചിപ്പാർ | 16കി.ഗ്രാം | 640 |
| 3 | തിമ്മയ്യ ആചാര്യ.സി | S/O സീനപ്പ ആചാരി, ചിപ്പാർ | 24 കി.ഗ്രാം | 960 |
| 4 | ശിവരാമ ആചാര്യ | S/O ദേവപ്പ ആചാര്യ, ചിപ്പാർ | 48 കി.ഗ്രാം | 1920 |

B)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 0013/19-20, കവുങ്ങ് കൃഷിക്ക് തുരിശും നീറ്റ് കക്കയും വിതരണം | | |
| അടങ്കൽ | വി.ഫ. (ജനറൽ) - 150000/- | | |
| ചെലവ് - 135878/- | ബിൽ നമ്പർ | തീയതി | തുക |
| | CBNO2/19-20 | 28/09/2019 | 134093 |
| | CBNO7/19-20 | 25/11/2019 | 1785 |

മേൽ പദ്ധതി പ്രകാരം 156 കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് ഇതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | പേര് | നൽകിയ തുക |
|---|---|---|
| 1 | നിർമൽ കുമാർ | 490 |
| 2 | ഷാംഭവി.സി.എച്ച് | 735 |

C)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 0052/19-20, വാഴക്കന്ന് വിതരണം (പട്ടിക വർഗ്ഗം) | | |
| അടങ്കൽ | വി.ഫ. (ടി.എസ്.പി) - 150000/- | | |
| ചെലവ് | ബിൽ നമ്പർ | തീയതി | തുക |
| | CBNO 12/19-20 | 27/2/2020 | 60000/- |

മേൽ പദ്ധതി പ്രകാരം 30 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് ഇതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | പേര് | നൽകിയ എണ്ണം |
|---|---|---|
| 1 | ലീല, ചേറാൽ | 50 |
| 2 | മാലതി.എം, ചേറാൽ | 150 |

D)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 0050/19-20, വാഴക്കന്ന് വിതരണം (പട്ടിക ജാതി) | | |
| അടങ്കൽ | വി.ഫ. (എസ്.സി.പി) - 150000/- | | |
| ചെലവ് | ബിൽ നമ്പർ | തീയതി | തുക |
| | CBNO 13/19-20 | 25/2/2020 | 20000/- |

മേൽ പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് ഇതിൽ ചുവടെ പറയുന്ന ഗുണഭോക്താവ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | പേര് | നൽകിയ എണ്ണം |
|---|---|---|
| 1 | സുശീല, W/o ലക്ഷ്മണനായ്ക്ക്, ഹാലേമൂല | 100 |

മേൽ വിഷയങ്ങളിൽ 28.02.2022 ന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25,26,29 & 30 എന്നിവയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-26 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ (എസ്.സി.പി) വിതരണം - അപാകതകൾ.

പ്രോജക്ട് നം. - S0145/20

പ്രോജക്ടിന്റെ പേര് - 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ (എസ്.സി.പി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-1,00,000/-രൂപ വികസനഫണ്ട്(എസ്.സി.പി.),
50/-രൂപ തനത് ഫണ്ട്
ആകെ അടങ്കൽ 1,00,050/-രൂപ

ചെലവ് തുക - വികസന ഫണ്ട് (എസ്.സി.പി)- 99,999/-രൂപ

ബിൽ നമ്പർ, തീയതി - 05/19-20- തീയ്യതി. 22-6-02-2020. Rs.99,999/-

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ പദ്ധതി അപാകതകൾ.

60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ (പട്ടിക ജാതി) എന്ന പദ്ധതിക്കായി മേൽ നമ്പർ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി.) നിന്നും 99,999/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 60 വയസ്സ് കഴിഞ്ഞ 23 വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 03.12.2019 തീയ്യതിയിലെ 03/2019-20 നമ്പർ തീരുമാന പ്രകാരം കട്ടിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചത്. ഗ്രാമ പഞ്ചായത്തിന്റെ 13.12.2019 ലെ AS-PVK/1/19 നമ്പർ കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകുകയും. ഇത് പ്രകാരം 23 കട്ടിലുകളാണ് വിതരണക്കാരൻ നൽകിയത്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 28.12.2019 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ.239 പ്രകാരം ആകെ 23 കട്ടിലുകൾ വിതരണം ചെയ്യുകയും ഒരു കട്ടിലിന് 3,686/- രൂപ പ്രകാരം ആകെ 99,999/- രൂപ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക (അക്കൗണ്ട് നം.67099281397) ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1) 60 വയസ്സ് തികഞ്ഞ വൃദ്ധർക്കാണ് കട്ടിൽ വിതരണം നടത്തേണ്ടിയിരുന്നത്. എന്നാൽ അറുപത് വയസ്സ് തികയാത്ത 2 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി ഫയൽ പരിശോധനയിൽ കാണകയുണ്ടായി. ആയതിന്റെ കാരണം വ്യക്തമല്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS) No:80/2017/ LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) 60 വയസ്സ് തികയാത്ത 2 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

I) അക്ക W/o ഗുരുവപ്പ പെർവോടി പട്ട്ള. ടിയാന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -57 (1962) (ആധാർ നം.214498406645)

Ii) തുക്രു W/o അമ്മു ബാലൂർ ഹൗസ്. ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -58 (1961) (ആധാർ നം.904625031549)

2) 04.11.2019 തീയ്യതിയിലെ 1/4നമ്പർ തീരുമാന പ്രകാരം ഈ പദ്ധതിക്ക് വേണ്ടി ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന 6 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി ഗുണഭോക്തൃ പട്ടിക പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്.

I) മദറ S/o അങ്കാറ, കട്ടെതാറു പി.ഒ ബെരിപ്പദവ്

Ii) മദറ S/o ബാബു, അശ്വന്തകട്ടെ

lii) കലാല S/o ഗുരുവ, നന്ദിഹിത്തില്ലു

lv)ചുക്രു W/o (L) കലാല, ചിപ്പാർ

V) കടത്തി W/o കൊറഗപ്പ, ചേവാർ, മിത്തടുക്ക

Vi) ഗുരുവ ടി, തരിപ്പടവ്, പി.ഒ പൈവളികെ

3) കട്ടിൽ കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ പട്ടിക ജാതി വിഭാഗത്തിൽ പെടുന്നവരാണ് എന്നു തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS) No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

A)ചനിയാരു W/o ഗുരുവ (ഗുണഭോക്തൃ ലിസ്റ്റ് നം. 12)

B) എൈത്തപ്പ S/o ചോമ,താളിത്താജെ ഹൗസ്(ഗുണഭോക്തൃ ലിസ്റ്റ് നം.20)

C) സീത D/o ചനിയ, മുല്ലകമേരി,പി.ഒ ചേവാർ(ഗുണഭോക്തൃ ലിസ്റ്റ് നം. 3)

4) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

5) പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

6) പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7) പദ്ധതിക്കായി തയ്യാറാക്കിയ 31.12.2019 ലെ PGP/AS/8B/2019 എഗ്രിമെന്റിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.05/24.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 99,999/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-27 കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി അപാകത.

പ്രോജക്ട് നം. - SO186/20

പ്രോജക്ടിന്റെ പേര് - എസ്.സി. കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 25,000/-വികസന ഫണ്ട് (എസ്.സി.പി), തനത് ഫണ്ട് 2,000/- രൂപ

ചെലവ് തുക - 25,000/-രൂപ - വികസന ഫണ്ട് (എസ്.സി.പി.)

ബിൽ നമ്പർ, തീയതി - 01/19-20 തീയ്യതി.07.05.2019. Rs. 25,000/-

പട്ടിക ജാതി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി - അപാകതകൾ.

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി. കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിക്കായി വാർഡ് നമ്പർ 2 ലെ കൊമ്മങ്കള എസ്.സി. കമ്മ്യൂണിറ്റി ഹാളിലേക്ക് 20 പ്ലാസ്റ്റിക് കസേരയും, വാർഡ് നമ്പർ 11 ലെ ബീഡുബയൽ എസ്.സി. കമ്മ്യൂണിറ്റി ഹാളിലേക്ക് 25 പ്ലാസ്റ്റിക് കസേരയും വാങ്ങുന്നതിനുവേണ്ടി വികസന ഫണ്ടിൽ

(എസ്.സി.പി) നിന്നും 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനമായ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെ നേരിട്ട് (സപ്ലൈ ഓർഡർ നം.എ2. 4680/19 തീയ്യതി.28.02.2019) വാങ്ങിയിട്ടുണ്ട്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 27.03.2019 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ.605 പ്രകാരം 45 പ്ലാസ്റ്റിക് കസേര വാങ്ങിയതിന്റെ വിലയായി മേൽ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക (അക്കൗണ്ട് നം.67099281397) ട്രാൻസ്ഫർ ക്രെഡിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ എസ്.സി. കമ്മ്യൂണിറ്റി ഹാളുകൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, കമ്മ്യൂണിറ്റി ഹാളുകൾ ഫർണിച്ചറുകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങിയ ഫർണിച്ചറുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ, പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.12/26.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 25,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

### 1-28 വൃദ്ധർക്ക് കട്ടിൽ ( ടി.എസ്.പി) വിതരണം പദ്ധതി അപാകതകൾ.

പ്രോജക്ട് നം. - SO146/20

പ്രോജക്ടിന്റെ പേര് - 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ ( ടി.എസ്.പി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 1,00,000/-വികസന ഫണ്ട് ( ടി.എസ്.പി), തനത് ഫണ്ട് 50/-രൂപ

ചെലവ് തുക - വികസന ഫണ്ട് ( ടി.എസ്.പി) - 99,999/-രൂപ

ബിൽ നമ്പർ, തീയതി - 04/19-20-തീയ്യതി.226-02-2020.Rs.99,999/-

60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ (പട്ടിക വർഗ്ഗം) എന്ന പദ്ധതിക്കായി 99,999/- രൂപ ചെലവഴിച്ച് 23 പേർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 03.12.2019 തീയ്യതിയിലെ 04/2019-20 നമ്പർ തീരുമാന പ്രകാരം കട്ടിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഗ്രാമ പഞ്ചായത്തിന്റെ 13.12.2019 ലെ AS-PVK/1/19 നമ്പർ കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകി. ഇത് പ്രകാരം 23 കട്ടിലുകളാണ് വിതരണക്കാരൻ നൽകിയത്. വിതരണത്തിനായി കൊണ്ടുവന്ന കട്ടിലുകളിൽ 23 എണ്ണവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 28.12.2019 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ.239 പ്രകാരം ആകെ 23 കട്ടിലുകൾ വിതരണം ചെയ്യുകയും ഒരു കട്ടിലിന് 3,686/- രൂപ പ്രകാരം ആകെ 99,999/-രൂപ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക (അക്കൗണ്ട് നം.67099281397) ട്രാൻസ്ഫർക്രെഡിറ്റ് നടത്തുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1) 60 വയസ്സ് തികഞ്ഞ വൃദ്ധർക്കാണ് കട്ടിൽ വിതരണം നടത്തേണ്ടിയിരുന്നത്. എന്നാൽ അറുപത് വയസ്സ് തികയാത്ത 2 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി കാണുന്നു ആയതിന്റെ കാരണം വ്യക്തമല്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/ 03.04.2017) ഖ:20 ൽ

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് അർഹത മാനദണ്ഡങ്ങൾ (പ്രായം, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ). പദ്ധതി പ്രകാരം അറുപത് വയസ്സ് തികയാത്ത 2 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

I) നാരായണ ഗൗഡ, പെർമുദെ ഹൗസ്. ടിയാന്റെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -59 (1960) (ആധാർ നം.618901152500)

Ii) ബേബി W/o സോമപ്പ,മരിക്കെ ഹൗസ്. ആധാർ നമ്പർ പ്രകാരമുള്ള വയസ്സ് -52 (1967) (ആധാർ നം.307065025896)

2) കട്ടിൽ കൈപ്പറ്റിയ 7 ഗുണഭോക്താക്കൾ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്നവരാണ് എന്നു തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/ 2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

A) മത്താടി, കുരുടപദവ് (ഗുണഭോക്തൃലിസ്റ്റ് നം. 1)

B) പാർവ്വതി W/oചെനിയപ്പ നായ്ക്ക് ചേരാൽ ഹൗസ്(ഗുണഭോക്തൃ ലിസ്റ്റ് നം. 8)

C) കൃഷ്ണ ഗൗഡ എം.s/o എൈത്തപ്പ ഗൗഡ മാനിപ്പാടി(ഗുണഭോക്തൃ ലിസ്റ്റ് നം. 37)

D) ചോമു ,പറമ്പള ഹൗസ് (ഗുണഭോക്തൃ ലിസ്റ്റ് നം. 14)

E) കൃഷ്ണ നായ്ക്ക് S/o ശേശു നായ്ക്,ബോളൻഗാല.(ഗുണഭോക്തൃ ലിസ്റ്റ് നം. 15)

F) ബേബി W/o സോമപ്പ,മരിക്കെ ഹൗസ്. (ഗുണഭോക്തൃ ലിസ്റ്റ് നം.17)

G) രാമ ഗൗഡ S/o പൂവണി (ഗുണഭോക്തൃ ലിസ്റ്റ് നം. 19)

3) 04.11.2019 തീയ്യതിയിലെ 1/3 നമ്പർ തീരുമാന പ്രകാരം ഈ പദ്ധതിക്ക് വേണ്ടി ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന രണ്ട് ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട് ഇത് സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്.

I) അപ്പയ്യ നായ്ക്ക് S/o കുഞ്ഞണ്ണ നായ്ക്ക്, കാനഗുമ്പെ ഹൗസ്

Ii) ഗിരിജ W/o ഈശ്വര നായ്ക്ക് ,ഗുമ്പേ ഹൗസ് ബായാർ പി.ഒ

4) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്.

5) പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യുർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

6) പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7) പദ്ധതിക്കായി തയ്യാറാക്കിയ 31.12.2019 ലെ PGP/AS/8A/2019 നമ്പർ എഗ്രിമെന്റിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.06/24.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 99,999/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-29 പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അപാകതകൾ.

പ്രോജക്ട് നം. - SO141/20,

പ്രോജക്ടിന്റെ പേര് - വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -എസ്.സി.പി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 3,50,000/-വികസന ഫണ്ട് (എസ്.സി.പി.), തനത് ഫണ്ട് 118/-രൂപ

ചെലവ് തുക - 3,40,545/-രൂപ - വികസന ഫണ്ട് (എസ്.സി.പി.)

ബിൽ നമ്പർ, തീയതി - 08/19-20 തീയ്യതി.17.03.2020. Rs.3,40,545/-

പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന 12 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനായി വികസന ഫണ്ടിൽ (എസ്.സി.പി.) നിന്ന് 3,40,545/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 21.09.2021 തിയ്യതിലെ ITP/05201/ 21-22 നമ്പർ ഇൻവോയിസ് പ്രകാരം 12 ലാപ്പ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (അക്കൗണ്ട് നം.799011400003959).

<u>പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1) ഗ്രാമ/വാർഡ് സഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ധന്യശ്രീ D/o ബാബു, തരിപടവ് ഹൗസ്, ചരിഷ്മ D/o ആനന്ദ കെ, സുകന്യ D/o ചനിയ, ചരൺകുമാർ S/o കൃഷ്ണ, അട്ടഗോളി, ശശികുമാർ സി.എച്ച്. S/o ബാലകൃഷ്ണ, കണിയാല എന്നീ 5 ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമ/വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പ്രൊജക്ട് പ്രകാരം വാങ്ങിയ 12 ലാപ്പ്ടോപ്പുകളിൽ 7 ലാപ്പ്ടോപ്പുകൾ മാത്രമേ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ഫയൽ/വിതരണ രജിസ്റ്റർ പ്രകാരം ബാക്കി 5 വിദ്യാർത്ഥികൾക്ക് ഇതുവരെയും (ഓഡിറ്റ് തിയതി) ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തില്ല. ലാപ്പ്ടോപ്പുകൾ കൈപ്പറ്റിയ വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ലാപ്പ് ടോപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേര് | അഭിപ്രായം |
|---|---|---|
| 1 | ധന്യശ്രീ D/o ബാബു | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല |
| 2 | ചരിഷ്മ D/o ആനന്ദ.കെ. | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല |
| 3 | വിനീത് കുമാർ S/oസുന്ദര | അഭിപ്രായമില്ല |
| 4 | സുകന്യ D/o ചനിയ, | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല |
| 5 | രൺകുമാർ S/o കൃഷ്ണ, | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല |
| 6 | ബിന്ദു കെ. D/o ഐത്തപ്പ | അഭിപ്രായമില്ല |
| 7 | ശശികുമാർ സി.എച്ച്.S/o ബാലകൃഷ്ണ, | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല |

ബാക്കിയുള്ള 5 ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കേണ്ടതാണ്.

3) പദ്ധതിക്ക് വേണ്ടി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മേൽ ട്രഷറി ബിൽ പ്രകാരം 3,40,545/- രൂപ കെൽട്രോൺ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ തിരുവനന്തപുരത്തിന്റെ 22.09.2021 തിയ്യതിലെ ITP/05201/21-22 നമ്പർ ഇൻവോയിസ് പ്രകാരമുള്ള ബില്ലിൽ കമ്പ്യൂട്ടറിന്റെ വില 3,26,748/- രൂപ മാത്രമാണ്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ടിലേക്ക് 13,797/- രൂപ

അധികമായി നൽകിയിട്ടുണ്ട്. (3,40,545 – 3,26,748 = 13,797) ഈ തുക കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതിനും, ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) ലാപ്പ്ടോപ്പുകൾ വാങ്ങുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

6) വാങ്ങിയ ലാപ്പ്ടോപ്പുകൾ അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

7)പദ്ധതി പ്രകാരം വാങ്ങിയ ലാപ്പ്ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

8) ഈ പദ്ധതിക്ക് വേണ്ടിയുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, ലാപ്പ്ടോപ്പുകളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.32/02.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 3,40,545/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-30 വിവാഹ ധനസഹായം-അപാകത.

പ്രോജക്ട് നം. - S0147/20

പ്രോജക്ടിന്റെ പേര് - വിവാഹ ധനസഹായം (പട്ടിക ജാതി) )

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 8,22,900/-വികസന ഫണ്ട് (എസ്.സി.പി), തനത് ഫണ്ട് 2,100/-രൂപ

ചെലവ് തുക - വികസന ഫണ്ട് (എസ്.സി.പി)- 7,50,000/-രൂപ

ബിൽ നമ്പർ, തീയതി- 06/19-20 തീയ്യതി.10.03.2020. Rs.4,50,000/-

ബിൽ നമ്പർ, തീയതി- 09/19-20 തീയ്യതി.13.03..2020. Rs.3,00,000/-

ആകെ = 7,50,000/-രൂപ

പട്ടിക ജാതി യുവതികൾക്ക് വിവാഹ ധനസഹായം- അപാകത

പട്ടിക ജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 7,50,000/-രൂപ നൽകാനുള്ളതാണ് ഈ പദ്ധതി. വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ നൽകിയിരിക്കണം. 2019-20 വർഷത്തിൽ 10 ഗുണഭോക്താക്കൾക്ക് പൈവളികെ പഞ്ചായത്തിൽ നിന്നും വിവാഹ ധനസഹായം നൽകുന്നതിന് ആകെ 7,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | അക്കു W/o എ.കെ. നാരായണ, ഗാളിയടുക്ക | 75,000/-രൂപ |

| | | |
|---|---|---|
| 2 | ലളിത W/oബാബു , പെർവോടി | 75,000/-രൂപ |
| 3 | കമല W/o ബാബു , ഗാളിയടുക്ക | 75,000/-രൂപ |
| 4 | മദറു W/o കുക്ക കണിയാല | 75,000/-രൂപ |
| 5 | സീത W/o ബാബു , പറമ്പള വീട് കയ്യാർ | 75,000/-രൂപ |
| 6 | കമല കെ W/o കൃഷ്ണ | 75,000/-രൂപ |
| 7 | കമല W/o സദാശിവ | 75,000/-രൂപ |
| 8 | മഞ്ജുള ഡി.എം W/o മോഹന | 75,000/-രൂപ |
| 9 | സുഗന്ധി പി. D/o കേശവ പഞ്ചിപ്പള്ള | 75,000/-രൂപ |
| 10 | സീത W/o കൊറഗപ്പ , ബായ്ക്കട്ടെ | 75,000/-രൂപ |

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകത താഴെ കൊടുക്കുന്നു.

04.11.2019 ലെ ഭരണസമിതി തീരുമാനം നം.1/6 പ്രകാരം ഈ പദ്ധതിയുടെ 10 പേരുള്ള അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. അത് പ്രകാരം 10 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ പട്ടികയിലെ ക്രമ നമ്പർ 9 സുഗന്ധി പി. D/o കേശവ പഞ്ചിപ്പള്ള, ക്രമ നമ്പർ 10 സീത W/o കൊറഗപ്പ , ബായ്ക്കട്ടെ എന്നീ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/26.02.2022 പ്രകാരം മേൽ അപാകത അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,50,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-31 പട്ടിക വർഗ്ഗ കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി അപാകതകൾ.

പ്രോജക്ട് നം. - S0185/20

പ്രോജക്ടിന്റെ പേര് - പട്ടിക വർഗ്ഗ കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 25,000/-വികസന ഫണ്ട് (ടി.എസ്.പി)

ചെലവ് തുക - 22,875/-രൂപ - വികസന ഫണ്ട് (ടി.എസ്.പി)

ബിൽ നമ്പർ, തീയതി - 02/19-20 തീയ്യതി.07.05.2019. Rs.22,875/-

പട്ടിക വർഗ്ഗ കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിക്കായി വാർഡ് നമ്പർ 12 ലെ എടക്കാന എസ്.ടി. കമ്മ്യൂണിറ്റി ഹാളിലേക്ക് 25 പ്ലാസ്റ്റിക് കസേരയും, വാർഡ് നമ്പർ 7 ലെ കൊജപെ പട്ടിക വർഗ്ഗ കമ്മ്യൂണിറ്റി ഹാളിലേക്ക് ഒരു സ്റ്റീൽ അലമാരയും വാങ്ങുന്നതിന വേണ്ടി വികസന ഫണ്ടിൽ (ടി.എസ്.പി.) നിന്നും 22,875/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനമായ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളില്ലൂടെ നേരിട്ട് (സപ്ലൈ ഓർഡർ നം.എ2.4680/19 തീയ്യതി.28.02.2019) വാങ്ങിയിട്ടുണ്ട്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന

സ്ഥാപനത്തിന്റെ 27.03.2019 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ. 606 പ്രകാരം 25 പ്ലാസ്റ്റിക് കസേരയും, ഒരു സ്റ്റീൽ അലമാരയും വാങ്ങിയതിന്റെ വിലയായി മേൽ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക (അക്കൗണ്ട് നം.67099281397) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

എന്നാൽ ഈ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ പട്ടിക വർഗ്ഗ കമ്മ്യൂണിറ്റി ഹാളുകൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, കമ്മ്യൂണിറ്റി ഹാളുകൾ ഫർണിച്ചറുകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങിയ ഫർണിച്ചറുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ, പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.14/26.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 22,875/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-32 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് പദ്ധതി അപാകതകൾ.

പ്രോജക്ട് നം. - SO142/20,

പ്രോജക്ടിന്റെ പേര് - വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -ടി.എസ്.പി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 2,90,770/-വികസന ഫണ്ട് (ടി.എസ്.പി), തനത് ഫണ്ട് 20,446/- രൂപ

ചെലവ് തുക - 2,72,436/-രൂപ - വികസന ഫണ്ട് (ടി.എസ്.പി.)

ബിൽ നമ്പർ, തീയതി - 07/19-20-തീയ്യതി.17.03.2020.Rs.2,72,436/-

പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് /സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന 10 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനായി 2,72,436/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ തിരുവനന്തപുരത്തിന്റെ 22.09.2021 തിയ്യതിലെ ITP/05266/21-22 നമ്പർ ഇൻവോയിസ് പ്രകാരം 10 ലാപ്പ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (അക്കൗണ്ട് നം.799011400003959).

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമ/വാർഡ് സഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ചന്ദ്രിക എസ്, കുഡുരുഗട്ടെ ഹൈസ് സജിങ്കില, ദീപിക കെ.കർവാജെ, ധർമ്മത്തടുക്ക എന്നീ 2 ഗുണഭോക്താക്കൾ ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമ/വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതിക്ക് വേണ്ടി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മേൽ ട്രഷറി ബിൽ പ്രകാരം 2,72,436/- രൂപ കെൽട്രോൺ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ തിരുവനന്തപുരത്തിന്റെ 22.09.2021 തിയ്യതിലെ ITP/05266/21-22 നമ്പർ ഇൻവോയിസ് പ്രകാരമുള്ള ബില്ലിൽ കമ്പ്യൂട്ടറിന്റെ വില 2,72,290/-രൂപ മാത്രമാണ്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ടിലേക്ക് 146/- രൂപ അധികമായി നൽകിയിട്ടുണ്ട്. (2,72,436 – 2,72,290 = 146) ഈ തുക കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതിനും, ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

3)ലാപ്പ്ടോപ്പുകൾ വാങ്ങുന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ

ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4) വാങ്ങിയ ലാപ്പ്ടോപ്പുകൾ അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) ഈ പദ്ധതിക്ക് വേണ്ടിയുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, ലാപ്പ്ടോപ്പുകളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.13/26.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,72,436/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-33 ഫ്രണ്ട് ഓഫീസിലേക്ക് ടെലിവിഷൻ, ടോക്കൺ സിസ്റ്റം എന്നിവ വാങ്ങൽ (ISO തുടർപ്രവർത്തനങ്ങൾ) പദ്ധതി അപാകതകൾ.

പ്രോജക്ട് നം. - SO202/20,

പ്രോജക്ടിന്റെ പേര് - ഫ്രണ്ട് ഓഫീസിലേക്ക് ടെലിവിഷൻ ടോക്കൺ, സിസ്റ്റം എന്നിവ വാങ്ങൽ (ISO തുടർ പ്രവർത്തനങ്ങൾ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 30,000/-വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 25,080/-രൂപ - വികസന ഫണ്ട് (ജനറൽ)

ബിൽ നമ്പർ, തീയതി - 11/19-20- തീയ്യതി.29.08.2019. Rs.25,080/-

ഫ്രണ്ട് ഓഫീസിലേക്ക് ടെലിവിഷൻ, ടോക്കൺ സിസ്റ്റം (ISO തുടർപ്രവർത്തനങ്ങൾ) എന്നിവ വാങ്ങാനുള്ളതാണ് ഈ പദ്ധതി . 29.01.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.3/2 പ്രകാരം ശ്രീ.അബ്ദുൾ മജീദ് ദേവക്കാന, ഡി.എം ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും സാമ്പിൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി 28.02.2019 ലെ എ2.4680/2019 നമ്പർ കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി വാങ്ങിയ ടെലിവിഷൻ, ടോക്കൺ സിസ്റ്റം ഉപകരണങ്ങളുടെ വൗച്ചറുകൾ, വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്ത് രേഖപ്പെടുത്തലുകൾ നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ,ടെലിവിഷൻ, ടോക്കൺ സിസ്റ്റം എന്നിവയുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.33/02.03.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 25,080/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-34 അപകടാവസ്ഥയിലായ മരം മുറിച്ച് നീക്കിയത് -ലേലം ചെയ്തിട്ടില്ല

വൗച്ചർ നം.21900278/ 05.07.2019 - തുക 2,993/- രൂപ

പൈവളികെ ഗ്രാമ പഞ്ചായത്തിലെ ബായക്കട്ടെ റോഡിലെ ലക്ഷ്മി മില്ലിന് സമീപം അപകടാവസ്ഥയിലായ മരം മുറിച്ച് നീക്കുന്നതിന് വൗച്ചർ നം. 21900278/05.07.2019 പ്രകാരം 2,993/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ.ഹമീദ് എന്നയാളാണ് പ്രവൃത്തി നടത്തിയത്. 15.06.2019 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നും മസ്റ്റർറോൾ പ്രകാരം 2,993/- രൂപ അനുവദിക്കണമെന്നും ടിയാൻ അപേക്ഷ നൽകിയത് പ്രകാരമാണ് തുക നൽകിയത്. 29.05.2019 തീയ്യതിയിലെ 5/1 നമ്പർ തീരുമാന പ്രകാരം മരം ലേലം ചെയ്യുന്നതിന്

സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം എടുത്തിരുന്നു. എന്നാൽ മുറിച്ച മരങ്ങൾ ലേലം ചെയ്തിട്ടുണ്ടോ എന്നും, ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെട്ട് മുറിച്ച മരങ്ങളുടെ വാല്യുവേഷൻ കണക്കാക്കിയിട്ടുണ്ടോ എന്നും ഫയൽ പരിശോധിച്ചപ്പോൾ വ്യക്തമല്ല. വാല്യുവേഷൻ, ലേലം എന്നിവ സംബന്ധമായ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.34/02.03.2022 പ്രകാരം വാല്യുവേഷൻ, ലേലം എന്നിവ സംബന്ധമായ വിശദവിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണ് അതുവരെ ചെലവ് തുക 2,993/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-35 മഹാത്മാ ഗാന്ധി പ്രതിമക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി തുക നൽകിയത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഫണ്ട് - തനത് ഫണ്ട്

വൗച്ചർ നം.21400699/ 04-11-2019- 50,000/-രൂപ.

ചെക്ക് നം.2031532/ 04.11-2019

കാസർഗോഡ് കളക്ടേറ്റിന് മുന്നിൽ മഹാത്മാ ഗാന്ധിഡിയുടെ പ്രതിമ സ്ഥാപിക്കുന്നതിന് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപ വീതം സംഭാവന നൽകുന്നതിന് 08-07-3019 തീതിയിലെ സ.ഉ(സാധാ)നം.1414/2019/തസ്വഭവ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തുക ജില്ലാ കളക്ടറുടെ പേരിൽ എസ്.ബി.ഐ. കളക്ടേറ്റ് ശാഖയിലുള്ള 67201181832 (IFSC.SBIN0070880) നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ജില്ലാ കളക്ടറുടെ 27-07-2019 തീയതിയിലെ DCKSGD/10679/2019-F7 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ 27-08-2019 തീയതിയിലെ 6/1 നമ്പർ തീരുമാന പ്രകാരം 50,000/- രൂപ സംഭാവന നൽകുന്നതിന് അംഗീകാരം ലഭിച്ചു. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 04.11-2019തീയതിയിലെ ചെക്ക് നം.2031532 പ്രകാരം പ്രസ്തുത തുക ജില്ലാ കളക്ടറുടെ പേരിൽ എസ്.ബി.ഐ. കളക്ടേറ്റ് ശാഖയിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67201181832 ) ഗ്രാമ പഞ്ചായത്ത് സംഭാവനയായി 50,000/- രൂപ നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, തുകയുടെ കൈപ്പറ്റ് രസീതിയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.36/02.03.2022 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 50,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-36 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. - S0003/20

പ്രോജക്ടിന്റെ പേര് - ഐ.കെ.എം. വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1,18,435/-രൂപ , വികസന ഫണ്ട് (ജനറൽ)

ചെലവ് തുക - 1,18,435/-രൂപ

ബിൽ നമ്പർ, തീയതി - 13/201-20 തീയതി.29.09.2019 RS.1,18,435/-

ഈ പദ്ധതി പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,18,435/- (അക്കൗണ്ട് നം 57047023512) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം

പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,18,435/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (28.02.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.20)

1-37 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല.

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ -ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 5 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 99,170 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

1-38 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയ 1,74,788 രൂപയുടെ ഒരു ശതമാനമായ 1748 രൂപ മേൽ പ്രകാരം മുതൽ കൂട്ടിയിട്ടില്ല. കളക്ഷൻ ചാർജ്ജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-39 തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 6 റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല.1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1(ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ പൈവളിഗെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-41 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അപാകതകൾ

2018-19 (സ്പിൽ ഓവർ) വർഷ വാർഷിക പദ്ധതി പ്രകാരം പൈവളിഗെ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട 16വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തിരുന്നു. ആയതിന്റെ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി.) |
| ബിൽ നം.തീയതി | 1/2019-20 തീയതി 31-05-2019 |

| | |
|---|---|
| പ്രോജക്ട് നം. | 0086/19 |
| അടങ്കൽ | 5,70,000.00 |
| ചെലവ് | 5,62,400.00 |

ലാപ്പ് ടോപ്പ് വിതരണത്തിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.
സുധീർ കെ. S/O കൃഷ്ണ എന്ന വിദ്യാർത്ഥിയുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം 2011ലേതാണ് ഹാജരാക്കിയത്. അശ്വിജ D/O ജഗന്നാഥ എന്ന കുട്ടിയുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും പഠന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. മല്ലിക D/O മോഹനൻ ജി. എന്ന കുട്ടിയുടേയും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും പഠന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. മേൽ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തതിനു വിശദീകരണം നൽകേണ്ടതാണ്.

ലാപ്പ്ടോപ്പുകൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്ററും നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്കും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലാപ്പ്ടോപ്പുകൾ ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് പട്ടിക ജാതി വികസന ഓഫീസറിൽ നിന്നുള്ളത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.15/19-20 തീയതി 26-02-2022 ന് തൃപ്തികരമായ മറുപടി നല്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 5,62,400/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-42 പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അപാകതകൾ

പട്ടികവർഗ വിഭാഗത്തിൽ പെട്ട 11 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ഫണ്ട് | വികസന ഫണ്ട് (ടി.എസ്.പി.) |
| ബിൽ നം.തീയതി | 2/2019-20 തീയതി 31-05-2019 |
| പ്രോജക്ട് നം. | 0176/19 |
| അടങ്കൽ | 4,50,000.00 |
| ചെലവ് | 4,44,000.00 |

ലാപ്പ് ടോപ്പ് വിതരണത്തിൽ ചെയ്തതിലെ അപാകതകൾ ചുവടെ പറയുന്നു.
